നമ്പർ.ബി2/9854/റ്റിസി/2017

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

*രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,*

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 30.03.2017

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ചെക്ക് പോസ്റ്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്കും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — അന്യസംസ്ഥാനത്ത് നിന്ന് കേരളത്തിലേയ്ക്ക് പ്രവേശിച്ചിട്ടുള്ള ആൾ ഇന്ത്യാ ടൂറിസ്റ്റ് ബസ് (Interstate C/C) കളുടെ 01.04.2014 മുതലുള്ള അധിക നികുതി — നിർദ്ദേശങ്ങൾ നൽകുന്നത് — സംബന്ധിച്ച്

സൂചന :-

1. 2014-ലെ ഫൈനാൻസ് ആക്ട്
2. ഈ ഓഫീസിൽ നിന്നുള്ള 3.4.2014- ലെ ബി1/2787/റ്റിസി/2014.നമ്പർ കത്ത്
3. 2016-ലെ ഫൈനാൻസ് ആക്ട്
4. ബഹു; ഹൈക്കോടതിയുടെ WP( C) No. . ലെ 7490/2014 യും അനുബന്ധകേസുകളിലെയും 21.12.2016-തീയതിയിലെ ഉത്തരവ്
5. ഈ ഓഫീസിൽ നിന്നുള്ള 25.01.2017 ലെ ഇതേ നമ്പർ കത്ത്
6. ബഹു; ഹൈക്കോടതിയുടെ WA No476/2017-ലെ 29.03.2017-ലെ ഇടക്കാല ഉത്തരവ്

അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് മോട്ടോർ വാഹന നിയമത്തിലെ 88(9) വകുപ്പ പ്രകാരം ആൾ ഇന്ത്യ പെർമിറ്റ് എടുത്ത് കേരളത്തിലേയ്ക്ക് പ്രവേശിക്കുന്ന 7 സീറ്റിന് മുകളിലുള്ള .All India Tourist Omni Bus( Interstate C/C) കളുടെ നികുതി ത്രൈമാസ നികുതി ഓരോ ഓർഡിനറി സീറ്റിനും 4000 രൂപയായും ഓരോ പുഷ്ബാക്ക് സീറ്റിനും 6000/- രൂപയായും ഓരോ സ്ലീപ്പർ ബർത്തിന്

7000/- രൂപയായും 1.4.2014 മുതൽ വർദ്ധിപ്പിച്ചിരുന്നു. എന്നാൽ ഈ വർദ്ധനവ് ബഹു; ഹൈക്കോടതി സ്റ്റേ ചെയ്തതിനാൽ ടി വാഹനങ്ങളിൽ നിന്നും 1540/- രൂപ, 2000/- രൂപ, 3000/- രൂപ എന്നീ ക്രമത്തിൽ വളരെ കുറഞ്ഞ നിരക്കിലാണ് ചെക്ക് പോസ്റ്റുകളിൽ ത്രൈമാസ നികുതി ഈടാക്കികൊണ്ടിരുന്നത്. മാത്രമല്ല 2016-ലെ ഫൈനാൻസ് ആക്ട് പ്രകാരം 18.07.2016 മുതൽ മേൽ വാഹനങ്ങളുടെ ത്രൈമാസ നികുതി 2250/- രൂപ, 3000/- രൂപ 4000/- രൂപ എന്നീ നിരക്കുകളിൽ ആണ് ചെക്ക് പോസ്റ്റുകളിൽ ഈടാക്കി വരുന്നത്. എന്നാൽ 2014-ൽ സർക്കാർ ഏർപ്പെടുത്തിയ നിരക്ക് വർദ്ധനവ് അംഗീകരിച്ചുകൊണ്ട് ബഹു; ഹൈക്കോടതി സൂചന 4 പ്രകാരം വിധി പ്രഖ്യാപിച്ചതിനാൽ 1.4.2014 മുതൽ 18.07.2016 വരെ ഓൾ ഇന്ത്യാ ടൂറിസ്റ്റ് ബസുകളിൽ നിന്നും ഈടാക്കിയ നികുതിയുടെ ബാക്കി നികുതി ഈടാക്കുവാൻ സൂചന (5) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ മേൽ വാഹനങ്ങൾക്ക് 1.4.2014 മുതൽ 18.7.2016 വരെയുള്ള കാലഘട്ടത്തിലേയ്ക്ക് 2014-ലെ ഫൈനാൻസ് ആക്ട് ഏർപ്പെടുത്തിയ അധിക നിരക്ക് ബാധകമാക്കേണ്ടതില്ലെന്നും 2016 ലെ ഫൈനാൻസ് ആക്ട് വഴിയുള്ള അധിക നിരക്ക് ബാധകമാക്കിയാൽ മതിയെന്നും സൂചന (6) പ്രകാരം ബഹു: ഹൈക്കോടതി ഉത്തരവായിരിക്കുകയാണ്. ആയതിനാൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ നിർദ്ദേശം നൽകുകയാണ്.

1. 1.4.2014 മുതൽ 18.7.2016 വരെ ചെക്ക് പോസ്റ്റുകളിൽ കൂടി സംസ്ഥാനത്തേയ്ക്ക് പ്രവേശിച്ച ആൾ ഇന്ത്യാടൂറിസ്റ്റ് ബസ്സുകളിൽ നിന്നും ( സെക്ഷൻ 88 (9) പ്രകാരം ആൾ ഇന്ത്യാ പെർമിറ്റ് എടുത്ത വാഹനങ്ങൾ) സെക്ഷൻ 88 (8) പ്രകാരം സ്പെഷ്യൽ പെർമിറ്റെടുത്ത് സംസ്ഥാനത്തിനകത്ത് പ്രവേശിച്ച വാഹനങ്ങളിൽ നിന്നും 1540/- രൂപ 2000/- രൂപ, 3000/- രൂപ എന്നീ നിരക്കുകളിൽ ഈടാക്കിയ ത്രൈമാസ നികുതി യഥാക്രമം 2250/-രൂപ. 3000/- രൂപ, 4000/- രൂപ എന്നീ നിരക്കുകളിൽ കണക്കാക്കി ബാക്കി നികുതി ഈടാക്കേണ്ടതാണ്. ടി വാഹനങ്ങൾക്ക് മേൽ പറഞ്ഞ കാലയളവിൽ (01.04.2014 മുതൽ 18.07.2016 വരെ) അവയുടെ period of Stay അനുസരിച്ച് ത്രൈമാസ നികുതിയുടെ 1/3 അല്ലെങ്കിൽ 1/10 ആണ് ഈടാക്കിയതെങ്കിൽ അതിന് ആനുപാതികമായി ബാക്കി നികുതി ഈടാക്കിയാൽ മതിയാകും.
2. ആൾ ഇന്ത്യാ ടൂറിസ്റ്റ് പെർമിറ്റ്(സെക്ഷൻ 88(9) പ്രകാരം) എടുത്ത വാഹനങ്ങൾക്ക് 18.07.2016 മുതൽ 2016-ലെ ഫൈനാൻസ് ആക്ട് പ്രകാരമുള്ള 2250 രൂപ, 3000 രൂപ, 4000 രൂപ എന്നീ നിരക്കുകളിൽ വാഹനം സംസ്ഥാനത്തേയ്ക്ക് **പ്രവേശിച്ച മാസം മുതൽ** കാർട്ടർ അവസാനം **വരെയുള്ള നികുതി യാണ് സ്വീകരിക്കേണ്ടത്.** ഇത്തരം വാഹനങ്ങളിൽ നിന്നും അവയുടെ

period of Stayഅനുസരിച്ച് ത്രൈമാസ നികുതിയുടെ 1/3 അല്ലെങ്കിൽ 1/10 എന്ന നിരക്കിൽ നികുതി സ്വീകരിയ്ക്കുവാൻ പാടുള്ളതല്ല.

3. 01.04.2014 മുതൽ 18.07.2016 വരെ സംസ്ഥാനത്തേയ്ക്ക് കുറഞ്ഞ നിരക്കിൽ നികുതി അടച്ച് പ്രവേശിച്ചിട്ടുള്ള വാഹനങ്ങളിൽ നിന്നും ബാക്കി നികുതി ഈടാക്കിയ ശേഷം മാത്രമേ ടി വാഹനങ്ങൾ 1.4.2017 മുതലുള്ള നികുതി സ്വീകരിച്ച് ചെക്ക് പോസ്റ്റുകളിൽ കൂടി കടത്തി വിടുവാൻ പാടുള്ളൂ.

4. സൂചന (5)-ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഉയർന്ന നിരക്കിൽ ബാലൻസ് ടാക്സ് ഈടാക്കിയിട്ടുണ്ടെങ്കിൽ ഇത്തരം കേസുകളിൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് സൂചന(6) പ്രകാരമുള്ള കേസിന്റെ അന്തിമ വിധി വന്നതിനു ശേഷം നിർദ്ദേശം നൽകുന്നതാണ്.,

വിശ്വസ്തതയോടെ,
ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ

.04.4.2017

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)